# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -159 07.03.2017 ൽ മറുപടിയ്ക്ക്

## ക്രമസമാധാനം ഉറപ്പാക്കാൻ നടപടി

**ചോദ്യം**

ശ്രീ.എം. സ്വരാജ്
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ.എം. മുകേഷ്
ശ്രീ.പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സിനിമാ നടിയെ ക്വട്ടേഷൻ സംഘം തട്ടിക്കൊണ്ടുപോയ സംഭവത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും, അവരിൽ സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനും, സ്ത്രീകൾക്കും, കുട്ടികൾക്കും നിർഭയം സഞ്ചരിക്കുന്നതിനും പോലീസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷക്കായും അവർക്കെതിരെ ഉണ്ടാകുന്ന പീഡനങ്ങൾ, ആക്രമണങ്ങൾ, ചൂഷണം എന്നിവ തടയുന്നതിനുമായി പിങ്ക് പോലീസ് പട്രോൾ, ഓപ്പറേഷൻ വാത്സല്യ, നിർഭയകേരളം, സുരക്ഷിത കേരളം എന്നീ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സ്ത്രീകളെയും, കുട്ടികളെയും ഭിക്ഷാടനത്തിനും, വേശ്യാവൃത്തിയ്ക്കുമായി കടത്തി കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit-കൾ (AHTU) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തിയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. കൂടാതെ രാത്രികാല ചെക്കിംഗും, ബസ്

സ്റ്റാന്റുകൾ, റയിൽവേസ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തി വരുന്നു.

| | |
|---|---|
| (ബി) ഗുണ്ടാ പ്രവർത്തനത്തിലും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിലും ഏർപ്പെടുന്നവരെ അമർച്ച ചെയ്യാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) സംസ്ഥാന പോലീസ് മേധാവിയുടെ 01/11/2016-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.08/2016 പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും (SAGS), എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഗുണ്ടകളെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ചും, ഗുണ്ടാ വിരുദ്ധ സ്ക്വാഡിനെകൊണ്ട് അന്വേഷിപ്പിച്ചും, വിശ്വസ്തരായ ആളുകളിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിച്ചും. KAAPA നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ടി നിയമ പ്രകാരം കരുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, ഷാഡോ പോലീസ്, ലോക്കൽ പോലീസ്, രഹസ്യാന്വേഷണ വിഭാഗങ്ങൾ എന്നിവർക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും ആയതിന് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് വിഘാതമുണ്ടാക്കുന്ന സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷണ വിധേയമാക്കി ക്രമസമാധാനം ഉറപ്പാക്കാൻ നടപടിയെടുക്കാമോ? | (സി) നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നവരെ സസൂക്ഷ്മമായി നിരീക്ഷിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി ക്രമത്തിലെയും, KAAPA നിയമത്തിന്റെയും പരിധിയിൽ വരുന്നതാണെങ്കിൽ ടി നിയമ പ്രകാരവും കരുതൽ നടപടികൾ സ്വീകരിക്കുകയും ഇവർ ഉൾപ്പെട്ട കേസിൽ പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഗുണ്ടാ സംഘങ്ങൾക്കെതിരെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ |

ഏർപ്പെടുന്നവർക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. Circular No.24/2009 പ്രകാരം KAAPA Act നടപ്പിലാക്കുന്നതിന്റെ Nodal Officer ആയി സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം മേധാവിയെ നിയമിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ KAAPA Act-ൽ സെക്ഷൻ 3 പ്രകാരം ജില്ലാ മജിസ്ട്രേറ്റിനും, സെക്ഷൻ 15 പ്രകാരം റേഞ്ച് ഐ.ജി മാർക്കും സംസ്ഥാന രഹസ്യാന്വേഷണ മേധാവി നിയമപരമായ എല്ലാ നടപടികളും താമസംവിനാ തീർപ്പ് കൽപ്പിച്ച് ഉത്തരവിറക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 19/02/2017 മുതൽ 26/02/2017 വരെ ഗുണ്ടകൾക്കെതിരെ രഹസ്യാന്വേഷണ മേധാവിയുടെ നിർദ്ദേശാനുസരണം പുതുതായി 58 റൗഡികളുടെയും, 151 CrPC പ്രകാരം 1006 പേരെയും, 107 CrPC പ്രകാരം 133 പേരെയും 110 (E) CrPC പ്രകാരം 2 പേരെയും KAAPA പ്രകാരം 7 ഗുണ്ടകൾക്ക് എതിരെയും നടപടികൾ എടുത്തിട്ടുള്ളതാണ്. തുടർന്നും ഗുണ്ടകൾക്കെതിരെ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.